# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4186 03.02.2014 - ൽ മറുപടിക്ക്

**ജലസുരക്ഷാ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) ജലസുരക്ഷാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) കേരള വാട്ടർ അതോറിറ്റി ജലസുരക്ഷാ പദ്ധതിക്ക് രൂപം നൽകി വരുന്നു.<br><br>ഐക്യരാഷ്ട്രസഭ, '2013' അന്താരാഷ്ട്ര ജല സഹകരണ വർഷമായി ആചരിച്ചതിന്റേയും 'മാർച്ച് 22' ലോകജലദിനമായി ആചരിക്കുന്നതിന്റേയും ഭാഗമായി ജല സംരക്ഷണവുമായി ബന്ധപ്പെട്ട് ജല സേചനവകുപ്പ് വിവിധ പദ്ധതികൾ " **ജലസുരക്ഷാ പദ്ധതി**" എന്ന പേരിൽ നടപ്പിലാക്കി. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കേരള വാട്ടർ അതോറിറ്റി രൂപം നൽകുന്ന പദ്ധതിയുടെ ഉദ്ദേശലക്ഷ്യം ജലദൗർലഭ്യമുള്ള പ്രദേശങ്ങളിലും വരൾച്ചാ ബാധിത പ്രദേശങ്ങളിലും മറ്റ് അത്യാവശ്യ ഘട്ടങ്ങളിലും ഒന്നിൽ കൂടുതൽ സ്രോതസ്സുകളിൽ നിന്നും കുടിവെള്ളം ലഭ്യമാക്കുക എന്നതാണ്.<br><br>ജലസമ്പത്ത് സംരക്ഷിച്ച് സുസ്ഥിര ജലലഭ്യത ഉറപ്പുവരുത്തുക, നീർത്തടാടിസ്ഥാനത്തിൽ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ജലത്തിന്റെ സുരക്ഷിതത്വം/ഗുണനിലവാരം ഉറപ്പു വരുത്തുക, ജല സ്രോതസ്സുകളുടെ സംരക്ഷണവും പരിപോഷണവും ജൈവ ആവാസ വ്യവസ്ഥയും ഉറപ്പു വരുത്തുന്നതിനായി കുളങ്ങൾ/കായലുകൾ എന്നിവയുടെ സംരക്ഷണം, നദീതീര സംരക്ഷണം, സംസ്ഥാനത്തെ കുളങ്ങളുടെ സ്ഥിതിവിവരകണക്ക് ശേഖരിക്കൽ എന്നിവയായിരുന്നു ജല സേചനവകുപ്പ് നടപ്പിലാക്കിയ പദ്ധതിയുടെ മുഖ്യലക്ഷ്യം. |
| (സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ ; | (സി) കേരള വാട്ടർ അതോറിറ്റി രൂപം നൽകുന്ന പദ്ധതി പൂർണ്ണരൂപത്തിൽ നടപ്പിലാക്കുന്ന മുറക്ക് കേന്ദ്ര ഗവൺമെന്റിന്റെ എൻ.ആർ.ഡി.ഡബ്ല്യു.പി. പദ്ധതിയിലുൾപ്പെടുത്തി സഹായം ലഭ്യമാ ക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>ജലസേചനവകുപ്പ് സംസ്ഥാന സർക്കാർ ഫണ്ട് വിനിയോഗിച്ചാണ് പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | വരൾച്ച പ്രതിരോധി ക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെ ടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പദ്ധതികളാണ് ജല സുരക്ഷാ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.<br><br>വരൾച്ചയെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടൊപ്പം സുസ്ഥിര ജലസുരക്ഷ ഉറപ്പാക്കുക എന്ന മുഖ്യലക്ഷ്യത്തോടു കൂടിയാണ് ജലസേചനവകുപ്പ് പദ്ധതികൾ ആസൂത്രണം ചെയ്തത്. കുളങ്ങളുടെ സ്ഥിതിവിവരകണക്ക് (ജില്ല തിരിച്ച്) തയ്യാറാക്കുകയും സാമ്പത്തിക ലഭ്യത അനുസരിച്ച് കുളങ്ങളുടെ പുന:രുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുമുണ്ട്. കൂടാതെ, നദികളുടെ നീരൊഴുക്ക് സുസ്ഥിരമാക്കി, ഭൂഗർഭ ജലവിതാനം നിലനിർത്തുന്നതിനായുള്ള തടയണകളുടെ നിർമ്മാണത്തിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ